Vol-II, Issue:35
05-11- 2008
Jagratha 069

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. രാജ്യത്തെ ക്രൈസ്തവ വിരുദ്ധ അക്രമങ്ങളെക്കുറിച്ച് സി.ബി.ഐ അന്വേഷിക്കണം:ഐക്യ-ജാഗ്രതാ കമ്മീഷൻ
02. ദൈവവിശ്വാസിക്ക് അക്രമത്തെയും ഹിംസയേയും പ്രോത്സാഹിപ്പിക്കാനാവില്ല : മാർ പൗവ്വത്തിൽ
03. ക്രൈസ്തവ സഭകളെ കൈയൂക്കു കൊണ്ട് തകർക്കാൻ ശ്രമിക്കുന്നവർ വിഡ്ഢികൾ: വയലാർ രവി
04. മാധ്യമങ്ങൾ സമൂഹത്തിന്റെ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകണം : മാർ പെരുന്തോട്ടം
05. ഭാരതത്തിൽ സഹോദരങ്ങളോടുള്ള സ്നേഹം കുറയുന്നു : മാർ കല്ലറങ്ങാട്ട്
06. ജൂബിലി, അമല മെഡി. കോളജുകളിലെ കോഴ്സിന് അംഗീകാരം: ഹൈക്കോടതി
07. ജീവിതം ക്രൈസ്തവ സാക്ഷ്യമാക്കുക : മാർ ജേക്കബ് മനത്തോടത്ത്
08. ക്രൈസ്തവ സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുന്നതിൽ ഉത്കണ്ഠ : ഐക്യ-ജാഗ്രതാ കമ്മീഷൻ
09. ബജ്രംഗ്ദളിനെ നിരോധിക്കണം: ന്യൂനപക്ഷ കമ്മീഷൻ
10. ന്യൂനപക്ഷങ്ങളെ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണം: ബിഷപ് ഡോ. കരിയിൽ

## 01. രാജ്യത്തെ ക്രൈസ്തവ വിരുദ്ധ അക്രമങ്ങളെക്കുറിച്ച് സി.ബി.ഐ അന്വേഷിക്കണം : ഐക്യ-ജാഗ്രതാ കമ്മീഷൻ (29-10-2008)

രാജ്യത്തെ ക്രൈസ്തവ പീഢനത്തിന്റെ മറ്റൊരു രക്തസാക്ഷിയാണ് ഫാ. ബർണാഡ് ദിഗാൾ എന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രയപ്പെട്ടു. ഒറീസ്സയിൽ ക്രൈസ്തവർക്കെതിരെ നടന്ന സംഘടിതാക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഫാ. ബർണാഡ് ദിഗാളിന്റെ നിര്യാണത്തിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ അനുശോചനം രേഖപ്പെടുത്തി. മിഷണറിമാർക്കും ക്രിസ്ത്യാനികൾക്കുമെതിരെ രാജ്യത്തു നടക്കുന്ന സംഘടിതാക്രമണങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാർ സി.ബി.ഐ യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ക്രിസ്ത്യാനികൾക്കെതിരെ ഒറീസ്സയിൽ നടന്നുകൊണ്ടിരിക്കുന്ന സംഘടിതാക്രമണം നിയന്ത്രണാധീതമാകുന്നതിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തി. ഭാരതത്തിൽ ക്രൈസ്തവ സമൂഹത്തിനു നീതി നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മതത്തിന്റെ പേരിൽ ഒറീസ്സയിലും കർണ്ണാടകത്തിലും മധ്യപ്രദേശിലും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും വൈദീകരെയും സന്യസ്തരെയും മനുഷ്യത്വരഹിതമായി പീഢിപ്പിക്കുകയും സ്വത്തുക്കൾക്കും ആരാധനാലയങ്ങൾക്കും നാശനഷ്ടം വരുത്തുകയും നശിപ്പിക്കുകയും, കന്യാസ്ത്രീയെ ബലാൽസംഗം ചെയ്യുകയും ചെയ്ത സംഭവങ്ങളെക്കുറിച്ച് സി.ബി.ഐ അന്വേഷിക്കണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 02. ദൈവ വിശ്വാസികൾക്ക് അക്രമത്തെയും ഹിംസയേയും പ്രോത്സാഹിപ്പിക്കാനാവില്ല: മാർ പവ്വത്തിൽ (28-10-2008)

ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അക്രമത്തെയും ഹിംസയേയും പ്രോത്സാഹിപ്പിക്കാനാവില്ലെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ.

മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ധാർമികതയും മൂല്യബോധവും നഷ്ടപ്പെട്ടാൽ സാമൂഹ്യ ഭദ്രത നഷ്ടപ്പെടും. ദൈവത്തെ ജീവിതത്തിൽനിന്നും മാറ്റിനിർത്തി ജീവിതഭദ്രത കൈവരിക്കാനാവില്ല. തിന്മയുടെ ശക്തികൾ വളരുന്ന സാഹചര്യത്തിൽ നന്മയും തിന്മയും വിവേചിച്ചറിയാൻ കഴിയണം. നഷ്ടപ്പെട്ട ഈശ്വര വിശ്വാസവും വീണ്ടെടുത്ത് ദൈവമക്കളായി വളരാൻ ജൂബിലി ആഘോഷങ്ങളിലൂടെ കഴിയണമെന്നും മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു.തിരുവല്ല ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് അധ്യക്ഷതവഹിച്ചു.

**03. ക്രൈസ്തവ സഭകളെ കൈയൂക്കു കൊണ്ട് തകർക്കാൻ ശ്രമിക്കുന്നവർ വിഡ്ഢികൾ: വയലാർ രവി**

(03-11-2008)

ക്രൈസ്തവസഭകളെ കൈയൂക്കുകൊണ്ട് തകർക്കാൻ കഴിയില്ലെന്നും അത്തരത്തിൽ ശ്രമിക്കുന്നവർ വിഡ്ഢികളാണെന്നും കേന്ദ്രമന്ത്രി വയലാർ രവി. പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനത്തിന്റെ വജ്രജൂബിലി സമാപനസമ്മേളനം പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവസഭാ വിശ്വാസികളെ ക്രൂരമായി മർദിക്കുകയും വധിക്കുകയും ചെയ്യുന്ന നടപടി ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾക്കു നേരെയുള്ള കടന്നാക്രമണമാണെന്ന് അദ്ദേഹം പറഞ്ഞു. ദൈവവിശ്വാസികളായ ആരും മറ്റൊരു മതത്തിൽപ്പെട്ടവർക്കുനേരെ ക്രൂരമായ ആക്രമണം അഴിച്ചുവിടില്ലെന്നും ഇത്തരത്തിൽ ചെയ്യുന്നവർ ദൈവനിന്ദയാണ് കാട്ടുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവ അധ്യക്ഷത വഹിച്ചു.

**04. മാധ്യമങ്ങൾ സമൂഹത്തിന്റെ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകണം: മാർ പെരുന്തോട്ടം** (27-10-2008)

മാധ്യമങ്ങൾ സമൂഹത്തിന്റെ കൂട്ടായ്മയ്ക്കു നേതൃത്വം നൽകണമെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. അതിരൂപതാ മതബോധനകേന്ദ്രമായ സന്ദേശനിലയത്തിന്റെ സുവർണജൂബിലി സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്.ക്രിസ്തീയ കൂട്ടായ്മ എന്നത് യേശുവിൽ എല്ലാവരെയും രൂപപ്പെടുത്തുക എന്നതാണ്. മാധ്യമങ്ങളുടെ ദുർവിനിയോഗം സമൂഹത്തിൽ ശിഥിലത സൃഷ്ടിക്കും. മാധ്യമങ്ങളുടെ വിനിയോഗം ശ്രദ്ധയോടെ വേണമെന്നും മാർ പെരുന്തോട്ടം ഉദ്ബോധിപ്പിച്ചു.സീറോമലബാർ സിനഡൽ മതബോധന കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോസ് പുതിയേടത്ത് അധ്യക്ഷത വഹിച്ചു.

**05. ഭാരതത്തിൽ സഹോദരങ്ങളോടുള്ള സ്നേഹം കുറയുന്നു: മാർ കല്ലറങ്ങാട്ട്** (4-11-2008)

ദൈവത്തെ കണ്ടെത്താൻ അയൽക്കാരനെ കാണണമെന്നും ഭാരതത്തിൽ സഹോദരരോടുള്ള സ്നേഹം നഷ്ടപ്പെടുന്നതാണ് വർഗീയതയും ഭീകരവാദവും നിരീശ്വരത്വവും വർദ്ധിക്കാൻ കാരണമെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. ഒറീസയിലും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വർഗീയ ഫാസിസ്റ്റുകളുടെ അക്രമത്തിന് വിധേയരായ ക്രൈസ്തവ സഹോദരരോട് ഐക്യദാർഢ്യം പ്രകടപ്പിച്ച് എ.കെ.സി.സി പാലാ രൂപത നടത്തിയ പ്രാർഥനാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രക്തസാക്ഷികളുടെ ചുടുനിണത്തിലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. വിശ്വാസത്തിനുവേണ്ടി രക്തം ചിന്തപ്പെടുന്ന മണ്ണിൽ സഭ കൂടുതൽ കരുത്താർജിക്കും. വേദനയുടെ ഈ നിമിഷങ്ങളിൽ നമ്മുടെ മുറിവുകളിൽ നിന്നല്ല ക്രിസ്തുവിന്റെ മുറിവുകളിൽ നിന്ന് നമുക്ക് ശക്തി സംഭരിക്കാൻ സാധിക്കണം. വേദനയുടെ ഈ നിമിഷങ്ങളിൽ ക്രിസ്തു ദർശനത്തിനനുസൃതമായി ചിന്തിക്കാനും പ്രവർത്തിക്കാനും നമുക്ക് സാധിക്കണമെന്ന് ബിഷപ് പറഞ്ഞു.

**06. ജൂബിലി, അമല മെഡി. കോളജുകളിലെ കോഴ്സിന് അംഗീകാരം: ഹൈക്കോടതി** (4-11-2008)

തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജിനും അമല മെഡിക്കൽ കോളജിനും 2007-08, 2008-09 വർഷങ്ങളിലേക്ക് തുടർ അംഗീകാരം നല്കിയിട്ടില്ലെന്ന കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ വാദം നിരാകരിച്ചുകൊണ്ട് ഈ രണ്ടു കോളജുകളിലേയും എം.ബി. ബി.എസ് കോഴ്സിന് യൂണിവേഴ്സിറ്റി അംഗീകാരം ഉണ്ടായിരിക്കുമെന്ന് ഹൈക്കോടതി വിധിച്ചു.

മെഡിക്കൽ കോളജുകളുടെ താത്കാലിക അഫിലിയേഷൻ തുടരണമെന്നു വിധിച്ച ഹൈക്കോടതി ജസ്റ്റീസ് വി.ഗിരി, സ്ഥിരം അഫിലിയേഷനുവേണ്ടി രണ്ടു കോളജുകളും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ 2008-09 അധ്യയനവർഷം തീരുന്നതിനുമുമ്പ് തീരുമാനമെടുക്കാനും യൂണിവേഴ്സിറ്റി രജിസ്ട്രാർക്കു നിർദേശം നൽകി. ഈ രണ്ടു മെഡിക്കൽ കോളജുകളിലേയും അവസാനവർഷ എം. ബി.ബി.എസ് പരീക്ഷയുടെ പ്രാക്ടിക്കലുകൾ നവംബർ 30നുമുമ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.അവസാനവർഷ എം.ബി.ബി.എസ് പ്രാക്ടിക്കൽ പരീക്ഷയുടെ സമയത്ത് ഈ കോളജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള അറിയിപ്പുകൾ ഇന്ത്യ ഗവൺമെന്റിന്റെ ആരോഗ്യവകുപ്പിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ യ്ക്കും യഥാസമയം നൽകണമെന്നും ഹൈക്കോടതി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടു.കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിൽ എം.ബി.ബി.എസ് അവസാനവർഷ പരീക്ഷ നടക്കുന്ന മറ്റ് കോളജുകൾക്കൊപ്പം ജൂബിലി, അമല മെഡിക്കൽ കോളജുകളിലേയും റിസൾട്ട് പ്രസിദ്ധീകരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. പ്രവേശനവിഷയത്തിൽ സർക്കാരുമായി കരാറൊപ്പിടാത്ത കോളജുകൾക്കെതിരായുള്ള പ്രതികാരനടപടിയുടെ ഭാഗമായിരുന്നു യൂണിവേഴ്സിറ്റിയുടെ അംഗീകാരം പിൻവലിക്കൽ നടപടിയെന്ന ആരോപണം ശരിവയ്ക്കുന്നതാണ് ഈ കോടതിവിധി.

## 07. ജീവിതം ക്രൈസ്തവസാക്ഷ്യമാക്കുക: മാർ ജേക്കബ് മനത്തോടത്ത് (4-11-2008)

ജീവിതം ക്രൈസ്തവസാക്ഷ്യമാക്കുന്നവരാണ് യഥാർഥ ക്രിസ്ത്യാനികളെന്ന് പാലക്കാട് രൂപതാ ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. യാക്കര ഹോളി ട്രിനിറ്റി ദേവാലയത്തിൽ വിശുദ്ധ യൂദാ തദേവൂസിന്റെ തിരുനാളിന്റെ സമാപനദിവസമായ ഇന്നലെ നടന്ന വിശുദ്ധ കുർബാനയിൽ സന്ദേശം നല്കുകയായിരുന്നു ബിഷപ്പ്. പ്രാർഥനകളിലും ശുശ്രൂഷകളിലും മാത്രമായി ക്രൈസ്തവജീവിതം ചുരുങ്ങരുത്. ക്രിസ്ത്യാനികളെല്ലാം മാമോദീസ വഴി വിശുദ്ധീകരിക്കപ്പെട്ടവരാണ്. എന്നാൽ പിന്നീട് ഈ വിശുദ്ധി നഷ്ടപ്പെട്ടുപോകുകയാണ്. ഈ വിശുദ്ധി നിലനിർത്തുന്നവരാണ് വിശുദ്ധൻമാർ. നമുക്ക് വേണ്ടി ദൈവത്തിങ്കൽ മാധ്യസ്ഥം അപേക്ഷിക്കുന്നവരാണ് വിശുദ്ധൻമാർ. നാം പരിശ്രമിച്ചിട്ട് ലഭിക്കാത്ത കാര്യങ്ങൾ വിശുദ്ധരിലൂടെ ദൈവം നമുക്ക് നടത്തിത്തരികയാണ് ചെയ്യുക. മറ്റുള്ളവരോട് കരുണയുള്ള, ദയയുള്ള, ക്ഷമിക്കുന്ന വ്യക്തികളാകാനാണ് നാം പ്രാർഥിക്കേണ്ടത്. വിഷമസന്ധികളിൽ വീഴുന്നവരെ പ്രാർഥന വഴി സഹായിക്കുന്ന വിശുദ്ധനാണ് യൂദാ തദേവൂസ്. യഥാർഥ ക്രിസ്തീയ ജീവിതം നയിക്കുമ്പോഴാണ് ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുക. ബിഷപ്പ് പറഞ്ഞു. ഫാ. മാർട്ടിൻ കളമ്പാടൻ, ഫാ. റെജി എന്നിവർ വിശുദ്ധ കുർബാനയ്ക്ക് സഹകാർമ്മികരായിരുന്നു.നേരത്തെ ഇടവക വികാരി ഫാ. ഡൊമിനിക് ഐപ്പൻ പറമ്പിലിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ബിഷപ്പിനെ പള്ളിയിലേയ്ക്ക് സ്വീകരിച്ചാനയിച്ചു.

## 08. ക്രൈസ്തവ സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുന്നതിൽ ഉത്കണ്ഠ : ഐക്യ-ജാഗ്രതാ കമ്മീഷൻ

കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്ക്കൂൾ ദുരൂഹ സാഹചര്യത്തിൽ കത്തി നശിച്ച സംഭവത്തിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി. സ്ക്കൂൾ കെട്ടിടത്തിന് തീയിട്ട് നശിപ്പിച്ച സാമൂഹ്യ വിരുദ്ധരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ആയിരക്കണക്കിന് കുട്ടികളുടെ ഭാവിയെ വാർത്തെടുത്ത സ്ക്കൂൾ, കത്തിനശിപ്പിച്ച സംഭവം കേരള സംസ്ക്കാരത്തിനു തന്നെ തീരാകളങ്കമാണ്. ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ അക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സംഭവത്തെ നിസ്സാരമായി കാണുവാൻ സാധിക്കുകയില്ല. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ക്രൈസ്തവ സ്ഥാപനങ്ങളെ ആക്രമിക്കുന്ന സംഘടിത ശക്തികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കമ്മീഷൻ വിലയിരുത്തി.

സംസ്ഥാനത്ത്, കാസർഗോഡും നെടുമ്പാശ്ശേരിയിലും കോട്ടയത്തും ദേവാലയങ്ങളും കുരിശടികളും ആക്രമിച്ചവരെ ഇതുവരെയും കണ്ടെത്തുവാൻ സംസ്ഥാന പൊലീസിന് സാധിച്ചിട്ടില്ലായെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ കുറ്റപ്പെടുത്തി. ക്രൈസ്തവ സ്ഥാപനങ്ങളെ ആക്രമിക്കുന്നവരെ മാനസികരോഗികളായി ചിത്രീകരിച്ച് സംഭവത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കുവാനുള്ള പ്രവണത നടന്നുവരികയാണ്. ഇത് അംഗീകരിക്കാനാവില്ല. അക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർ ആരു തന്നെ ആയാലും അവരെ ഉടൻ അസ്റ്റു ചെയ്യണമെന്നും ക്രൈസ്തവ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുവാൻ ഭരണാധികാരികൾ തയ്യാറാവണമെന്നും ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 09. ബജ്രംഗ്ദളിനെ നിരോധിക്കണം: ന്യൂനപക്ഷ കമീഷൻ

സംഘപരിവാർ സംഘടനകളായ ബജ്രംഗദളിനെയും വി.എച്ച്.പിയെയും നിരോധിക്കണമെന്ന് ദേശീയ ന്യൂനപക്ഷ കമീഷൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. ജൂലൈയിൽ ഇന്തോറിൽ എട്ടു പേർ കൊല്ലപ്പെട്ട വർഗീയകലാപത്തിനു പിന്നിൽ ഈ സംഘടനകളാണെന്ന് കുറ്റപ്പെടുത്തിയാണ് കമീഷൻ നിരോധന ആവശ്യം ഉന്നയിച്ചത്. കലാപത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടണമെന്നും പ്രധാനമന്ത്രിക്കു നൽകിയ റിപ്പോർട്ടിൽ കമീഷൻ ആവശ്യപ്പെട്ടു. വർഗീയകലാപം ഇളക്കിവിടുന്ന സംഘടനകളെ നിരോധിക്കുന്നതിനു പുറമെ ഇതിനെ പിന്തുണയ്ക്കുന്ന രാഷ്ട്രീയ പാർടികൾക്ക് അയോഗ്യത കല്പിക്കണം. വർഗീയാടിസ്ഥാനത്തിലുള്ള വിഭാഗീയത നിരുത്സാഹപ്പെടുത്തുന്നതിന് ഒരു ദേശീയനയം രൂപീകരിക്കണം. വി.എച്ച്.പി, ബജ്രംഗ്ദൾ തുടങ്ങിയ സംഘടനകളെയും അവയുടെ പോഷകഘടകങ്ങളെയും നിരോധിക്കുക മാത്രമല്ല നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും വേണം. മറ്റു പേരുകളിൽ ഇത്തരം സംഘടനകൾ വീണ്ടും പ്രത്യക്ഷപ്പെടരുതെന്ന് ഉറപ്പുവരുത്തുകയും വേണം. പലപ്പോഴും കലാപബാധിത പ്രദേശങ്ങളിൽ സുരക്ഷയ്ക്ക് നിയോഗിക്കപ്പെടുന്ന പൊലീസ്- അർധസേനാ വിഭാഗങ്ങൾ കലാപകാരികൾക്ക് കൂട്ടുനിൽക്കാറുണ്ട്. ബജ്രംഗ്ദൾ, വി.എച്ച്.പി പ്രവർത്തകർ പ്രസാദവും തിലകവുമൊക്കെ സുരക്ഷാസൈനികർക്ക് വാഗ്ദാനം നൽകുന്നതും പതിവാണ്. പൊലീസ്- അർധസേനാ വിഭാഗങ്ങളിൽ ഇവരുടെ ആളുകൾ സമർഥമായി നുഴഞ്ഞുകയറിയിട്ടുമുണ്ട്. ഇന്തോറിൽ അമർനാഥ് വിഷയത്തിൽ വിഎച്ച്പി ആഹ്വാനംചെയ്ത ബന്ദാണ് പ്രശ്നങ്ങൾക്ക് ആധാരം. ഇതിന് ഉത്തരവാദികളായവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടണം- കമീഷൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

## 10. ന്യൂനപക്ഷങ്ങളെ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണം: ബിഷപ് ഡോ. കരിയിൽ (29-10-2008)

കേരളത്തിലെ കത്തോലിക്കാ സമൂഹം പുരാതനമായിത്തന്നെ സംഘടിത സമൂഹമാണെന്നും സംശയത്തിന്റെ നിഴലിൽ ന്യൂനപക്ഷ സമുദായസമൂഹത്തെ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണമെന്നും പുനലൂർ ബിഷപ് ഡോ. ജോസഫ് കരിയിൽ. ചങ്ങനാശേരി അതിരൂപതാ മതബോധന കേന്ദ്രമായ സന്ദേശനിലയത്തിന്റെ സുവർണജൂബിലിയാഘോഷങ്ങളുടെ ഭാഗമായി കഴിഞ്ഞ മൂന്നു ദിവസമായി നടന്നുവന്ന സുവർണജൂബിലി സിമ്പോസിയത്തിൽ സമാപനസന്ദേശം നൽകുകയായിരുന്നു ബിഷപ്. മാധ്യമങ്ങൾ ധാർമികത പുലർത്തുന്നതിൽ ഏറെ ശ്രദ്ധിക്കണമെന്നും താത്പര്യങ്ങളുടെ പുറകെ പോകാതെ വേറിട്ട ചിന്ത കൈവരിക്കാൻ കഴിയണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.സമാപനസമ്മേളനത്തിൽ സന്ദേശനിലയം ഡയറക്ടർ ഫാ. ജോസഫ് പനക്കേഴം അധ്യക്ഷത വഹിച്ചു. സിമ്പോസിയം കൺവീനർ ആന്റണി ജോസഫ് ഓലിക്കര, ടോം ചാക്കോ പാറയിൽ ഓമന അലക്സാണ്ടർ തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഡോ. ബാബു ഫിലിപ്പ് തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഫാ.സോണി കരുവേലിൽ, പ്രഫ. ജിജി ജോസഫ് കൂട്ടുമ്മേൽ, പ്രഫ. ജോസഫ് ടിറ്റോ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നൽകി. അതിരൂപതയുടെ വിവിധ ഭാഗങ്ങളിലായി നൂറിലധികം മതാധ്യാപകർ സിമ്പോസിയത്തിൽ പങ്കെടുത്തു.